# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** | **05.06.2018 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 642**

### വ്യവസായ സൗഹൃദ അന്തരീക്ഷം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | വ്യവസായ വികസന കോർപ്പറേഷന്റെ കീഴിലുള്ള വ്യവസായ പാർക്കുകളിലും ബഹുനില കെട്ടിട സമുച്ചയങ്ങളിലും സ്ഥലവും സൗകര്യവും ഒഴിഞ്ഞ് കിടക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. കെ എസ് ഐ ഡി സി യുടെ നിയന്ത്രണത്തിലുള്ള വ്യവസായ പാർക്കുകളിൽ ഘട്ടംഘട്ടമായുള്ള അടിസ്ഥാനസൗകര്യ വികസനമാണ് നടപ്പിലാക്കി വരുന്നത്. 250-300 ഏക്കർ വരെ വിസ്തൃതി വികസിപ്പിച്ച് സംരംഭകർക്ക് നല്കിയതിന് ശേഷമാണ് അടുത്തഘട്ടം വികസിപ്പിച്ചുവരുന്നത്. വലിയ വെളിച്ചത്ത് വസ്ത്രനിർമ്മാണ ശാലയ്ക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിട സമുച്ചയത്തിൽ ഇനിയും കുറച്ചുസ്ഥലം കൂടി അനുവദിയ്ക്കാനുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സ്ഥല സൗകര്യം ഉപയോഗപ്പെടുത്തുന്നതിന് വ്യവസായ സംരംഭകർ മുന്നോട്ട് വരാത്തതിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | | |
| (സി) | സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങൾ നൽകുന്നതിനുമുള്ള നിയമനിർമ്മാണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തേക്ക് പുതുതായി കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | കേരള നിയമസഭ പാസ്സാക്കിയ 2018 -ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ് , 2018 ഏപ്രിൽ 7 -ാം തീയ്യതി ബഹു. ഗവർണറുടെ അനുമതി ലഭിച്ചു. ഇത് നടപ്പിൽ വരുന്നതേയുള്ളൂ. |
| (ഡി) | നിലവിലുള്ള ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് ഐ.പി.എഫ്.സി. ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (ഡി) | സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള അപേക്ഷ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം രൂപകല്പന ചെയ്തിട്ടുണ്ട്. പ്രസ്തുത ഏകീകൃത അപേക്ഷാഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ |

| | | | |
|---|---|---|---|
| | | | ക്ലിയറൻസ് സംവിധാനം (SWIFT) നടപ്പിലാക്കുവാൻ സജ്ജമായിട്ടുണ്ട്.<br>മേല്പറഞ്ഞ ഓൺലൈൻ സംവിധാനത്തിന്റെ സെക്യൂരിറ്റി ഓഡിറ്റിംഗ് പൂർത്തിയായിട്ടുണ്ട്. ഈ സംവിധാനത്തിന്റെ നടത്തിപ്പിനെക്കുറിച്ച് വിവിധ വകുപ്പുകൾക്ക് പരിശീലനം നടത്തിവരുന്നു. പ്രസ്തുത ഓൺലൈൻ സംവിധാനം നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് എല്ലാ വകുപ്പുകളിൽ നിന്നുള്ള അനുമതികളും കാലതാമസമില്ലാതെ ലഭ്യമാക്കാവുന്നതാണ്.<br>സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ് മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ ((IPFC) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങുവാൻ അനുമതികൾ ലഭ്യമാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതാണ് ഈ സെൽ. |
| (ഇ) | വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമായ ക്ലിയറൻസ് വേഗത്തിൽ നൽകുന്നതിന് വേണ്ടി നിലവിലുള്ള ഏതെങ്കിലും ചട്ടങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്? | (ഇ) | വ്യവസായം തുടങ്ങുവാൻ അനുമതി നൽകുന്ന വിവിധ വകുപ്പുകളിലെ നിലവിലുള്ള താഴെപ്പറയുന്ന പത്ത് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.<br>1. ദി കേരള പഞ്ചായത്ത് രാജ് (ഇഷ്യൂ ഓഫ് ലൈസൻസ് ടു ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ട്രേഡ്സ് ആന്റ് ഫാക്ടറീസ്) റൂൾസ് 1996.<br>2. ദി കേരള പഞ്ചായത്ത് രാജ് (പ്രൊഫഷൻ ടാക്സ്) റൂൾസ് 1996.<br>3. ദി കേരള മുനിസിപ്പാലിറ്റി (രജിസ്ട്രേഷൻ ഓഫ് പ്രൈവറ്റ് ഹോസ്പിറ്റൽസ് ആന്റ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ്) റൂൾസ് 1997. |

| | | | |
|---|---|---|---|
| | | | 4. ദി കേരള പഞ്ചായത്ത് രാജ് ബിൽഡിംഗ് റൂൾസ് 2011.<br>5. ദി കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999.<br>6. ദി കേരള ഫാക്ടറീസ് റൂൾസ് 1957.<br>7. ദി കേരള ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻ ഓഫ് സർവ്വീസ്) റൂൾസ് 1983.<br>8. ദി കേരള കോൺട്രാക്റ്റ് ലേബർ (റെഗുലേഷൻ ആന്റ് അബോളിഷൻ) റൂൾസ് 1974.<br>9. ദി ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻ ഓഫ് സർവ്വീസ്) റൂൾസ് 1998.<br>10. ദി കേരള മോട്ടോർ വർക്കേഴ്സ് റൂൾസ് 1962.<br>മേല്പറഞ്ഞ നിയമനിർമ്മാണം മുഖാന്തിരം കേരളത്തിലെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുവാനും, നിലവിലുള്ളതും പുതിയതുമായ വ്യവസായ സംരംഭകരെയും നവസംരംഭകരെയും ആകർഷിക്കുവാനും അനായാസം നിക്ഷേപം നടത്തുവാനും അതുവഴി കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി മാറ്റുവാനും സാധിക്കുമെന്നും കരുതുന്നു. |

Bindu.T

**സെക്ഷൻ ഓഫീസർ.**